ഇന്ന് പുലർച്ചെ അപകടത്തിൽപ്പെട്ട പിക്കപ്പ് വാൻ

മണ്ടൂർ വളവിൽ അപകടം പതിവാകുന്നു

പിലാത്തറ: മണ്ടൂർ വളവിൽ അപകടം തുടർക്കഥയായി മാറി. ഇന്ന് പുലർച്ചെ പിക്കപ്പ് വാൻ പള്ളിമതിലിൽ ഇടിച്ചെങ്കിലും പരിക്കേൽക്കാതെ ആളുകൾ രക്ഷപ്പെട്ടു. കർണ്ണാടക രജിസ്ട്രേഷനുള്ള കെ.എ. 20 എ.എ.1941 പിക്കപ്പ് വാനാണ് അപകടത്തിൽപ്പെട്ടത്. പള്ളി മതിൽ ഇടിച്ച് തകർത്ത് കോമ്പൗണ്ടിൽ കയറിയാണ് വാൻ നിന്നത്. ഒരുവർഷം മുമ്പ് അഞ്ചോളം പേരുടെ കൂട്ട മരണത്തിനിടയാക്കിയ വാഹനാപകടം നടന്ന സ്ഥലമാണിത്. അതിനുശേഷം ആറോളം വാഹനാപകടങ്ങളും ഇവിടെ നടന്നിട്ടുണ്ട്.

കാസർക്കോട് ബി.ജെ.പി അക്രമത്തിൽ എട്ട് സി.പി.എമ്മുകാർക്ക് പരിക്ക്

കാസർക്കോട്: വോർക്കാഡി ചാമുണ്ഡേശ്വരി ഭജന മന്ദിര പരിസരം ശുചീകരിക്കുകയായിരുന്ന സി.പി.എമ്മുകാർക്കെതിരെ ബി.ജെ.പി അക്രമം. എട്ട് പേർക്ക് പരിക്കേറ്റു. സി.പി.എം മഞ്ചേശ്വരം ഏരിയാ കമ്മിറ്റിയംഗം ഡി. ഭൂപ (50), സി.പി.എം വോർക്കാഡി ലോക്കൽ സെക്രട്ടറി നവീൻ കുമാർ (32), ഡി.വൈ.എഫ്.ഐ വില്ലേജ് സെക്രട്ടറി മഹേഷ് (32) ഭൂപയുടെ ഭാര്യയും മുൻ പഞ്ചായത്ത് മെമ്പറുമായ അരുണാച്ചി (48) ഡി.വൈ.എഫ്.ഐ യൂണിറ്റ് സെക്രട്ടറി അജയ്കുമാർ (23), പ്രവർത്തകരായ കരൺരാജ് (21), ലിജിൻ (19), വീക്ഷിത് (18) എന്നിവരെ കുമ്പള സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സംഭവത്തിൽ 11 ബി.ജെ.പി പ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തു. നവരാത്രിക്ക് മുന്നോടിയായി ഇന്നലെ രാത്രി 7 മണിയോടെ ഭജന മന്ദിര പരിസരം ശുചീകരിക്കുകയായിരുന്ന സി.പി.എമ്മുകാർക്ക് നേരെ ബി.ജെ.പിക്കാർ അക്രമം നടത്തിയെന്നാണ് പരാതി.

ആലക്കോട് ഒളിവിൽ കഴിഞ്ഞിരുന്ന ബൈക്ക് മോഷണ കേസ് പ്രതി മഹാരാഷ്ട്രയിൽ പിടിയിലായി

ആലക്കോട്: ബൈക്ക് മോഷ്ടിച്ച കേസിൽ ആലക്കോട് ഒളിവിൽ കഴിഞ്ഞ ഇടുക്കി സ്വദേശിയായ യുവാവിനെ മഹാരാഷ്ട്രയിൽ നിന്ന് പോലീസ് അറസ്റ്റ് ചെയ്തു. ഇടുക്കി കരിമണൽ സ്വദേശി ആൽബിൻ ജോണിയെയാണ് (25) കരിമണൽ എസ്.ഐ കെ. എം.രാധാകൃഷ്ണൻ, എം.എസ്.ഐ ഉണ്ണികൃഷ്ണൻ, സി.പി.ഒ ജോർജ് ജോസ് എന്നിവർ ചേർന്ന് അറസ്റ്റ് ചെയ്തത്. നാല് മാസം മുമ്പ് കട്ടപ്പന സ്വദേശി വിഷ്ണുവിന്റെ ബൈക്ക് മോഷ്ടിച്ച കേസിലാണ് അറസ്റ്റ്. കട്ടപ്പനയിലെ വന മേഖലയിൽ കൂടി ബൈക്കിൽ സഞ്ചരിക്കുന്നതിനിടെ വിഷ്ണുവിനെ കാട്ടാന ആക്രമിച്ചിരുന്നു. ഇതോടെ ബൈക്ക് ഇവിടെ ഉപേക്ഷിച്ച് വിഷ്ണു ഓടിരക്ഷപ്പെട്ടു. പിന്നീട് തിരിച്ചെത്തിയപ്പോഴാണ് ബൈക്ക് മോഷണം പോയ വിവരമറിയുന്നത്. ആൽബിനും കട്ടപ്പന സ്വദേശി ജമാലും ചേർന്നാണ് ബൈക്ക് മോഷ്ടിച്ചത്. കട്ടപ്പനയിലെ വർക്ക്ഷോപ്പിൽ നന്നാക്കാൻ ഏൽപ്പിച്ച ബൈക്ക് പോലീസ് പിന്നീട് കണ്ടെടുത്തിരുന്നു. ഇതോടെ ആൽബിനും ജമാലും ഒളിവിൽ പോയി. ആലക്കോടിന് സമീപത്തെ ബന്ധുവീട്ടിലാണ് ആൽബിൻ ഒളിവിൽ കഴിഞ്ഞിരുന്നത്. ഇയാളെ തേടി കരിമണൽ പോലീസ് ശനിയാഴ്ച ആലക്കോട്ടെത്തിയിരുന്നു. ഇതിനിടെ പോലീസിനെ വെട്ടിച്ച് ഇയാൾ മഹാരാഷ്ട്രയിലേക്ക് മുങ്ങി. മൊബൈൽ ടവർ ലോക്കേഷൻ പിന്തുടർന്ന പോലീസ് ഇന്നലെ മഹാരാഷ്ട്ര ഡോഗ്ഗ്ര എന്ന സ്ഥലത്ത് ഒളിവിൽ കഴിയുന്ന തിനിടെയാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ഇടുക്കി, കഞ്ഞിക്കുഴി പോലീസ് സ്റ്റേഷനുകളിലെ കേസുകളിലും ഇയാൾ പ്രതിയാണ്. മറ്റൊരു പ്രതിയായ ജമാലും ഒളിവിലാണ്.

പട്ടാപ്പകലും കാട്ടുപന്നി വിളയാട്ടം; വൻനാശ നഷ്ടം

ഒറ്റത്തെയിലെ കുന്നുംപുറത്ത് ജിനോയുടെ കൃഷിയിടത്തിലെ വാഴ കാട്ടുപന്നി കുത്തി നശിപ്പിച്ച നിലയിൽ

ആലക്കോട്: ഒറ്റത്തെയിൽ കാട്ടുപന്നി വിളയാട്ടത്തിൽ കർഷകർക്ക് വൻ നാശനഷ്ടം. കുന്നുംപുറത്ത് ജിനോയുടെ കൃഷിയിടത്തിലെ കുലച്ചു തുടങ്ങിയ നൂറോളം വാഴകൾ കാട്ടുപന്നിക്കൂട്ടം കുത്തി മറിച്ച് നശിപ്പിച്ചു. അള്ളുംപുറത്ത് അപ്പച്ചൻ, വിജേഷ് കോഴിയ്ക്കാമുളയിൽ, തോമസ് വാണിശേരിയിൽ തുടങ്ങി നിരവധി കർഷകർക്കും നാശം നേരിട്ടു. വാഴക്ക് പുറമെ ചേന, ചേമ്പ്, കപ്പ, കുരുമുളക്, റബർ തുടങ്ങിയ കാർഷിക വിളകളും നശിപ്പിച്ച നിലയിലാണ്. പട്ടാപ്പകലും നടക്കുന്ന കാട്ടുപന്നി വിളയാട്ടം കർഷകർക്ക് ലക്ഷങ്ങളുടെ നാശനഷ്ടമാണ് വിതയ്ക്കുന്നത്. കാട്ടുപന്നി ആക്രമണം ഭയന്ന് കൃഷിയിടത്തിലേക്ക് പോകാൻ കഴിയാത്ത അവസ്ഥയിലാണ് കർഷകർ. ഒറ്റത്തെ മേലയിൽ വൻതോതിൽ ഭൂമി വാങ്ങിക്കൂട്ടിയ ചിലരുടെ കൃഷിയിടങ്ങൾ ഒന്നും ചെയ്യാതെ കാട് മൂടിക്കിടക്കുന്നത് കാട്ടുപന്നിക ളുടെ താവളമായി മാറിയിരിക്കുകയാണെന്ന് കർഷകർ പരാതിപ്പെടുന്നു.

അവശനിലയിൽ കണ്ടെത്തിയ മണക്കടവ് സ്വദേശി മരിച്ചു

ആലക്കോട്: തളിപ്പറമ്പ് ബസ് സ്റ്റാന്റിന് സമീപം കഴിഞ്ഞ ദിവസം അവശനിലയിൽ കണ്ടെത്തിയ മണക്കടവ് സ്വദേശിയായ യുവാവ് മരിച്ചു. മൂരിക്കടവ് രാജപുരം കവലയിലെ കൂടത്തിങ്കൽ അനീഷാണ് (35) കോഴിക്കോട് മെഡിക്കൽ കോളേജിൽ മരിച്ചത്. തളിപ്പറമ്പ് പോലീസ് ഇയാളെ ആദ്യം കണ്ണൂർ ജില്ലാ ആശുപത്രിയിലും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജിലും പ്രവേശിപ്പിക്കുകയായിരുന്നു. ഭാസിയാണ് പിതാവ്. തങ്കമണി മാതാവ്. സഹോദരി: ആശ.

ഞാറ്റുവയലിൽ നടന്ന ടൂർണ്ണമെന്റിൽ മികച്ച പ്രകടനത്തിനുള്ള ഉപഹാരം യൂത്ത്ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ. സുബൈറിൽ നിന്ന് മുസമ്മിൽ ഏറ്റുവാങ്ങുന്നു (ഫയൽ ചിത്രം)

മുസമ്മിലിന്റെ മരണം; നഷ്ടമായത് മികച്ച ഫുട്ബോൾ പ്രതിഭയെ

തളിപ്പറമ്പ: പ്രാർത്ഥനയോടെ കാത്തിരുന്ന കുടുംബത്തെയും നാട്ടുകാരെയും കണ്ണീരിലാഴ്ത്തി വിധിക്ക് കീഴടങ്ങിയ ഞാറ്റുവയൽ റഹ്മത്ത് നഗറിലെ കൊങ്ങായിരവിടെ മുസമ്മിൽ പ്രാദേശിക ഫുട്ബോളിലെ നിറസാന്നിധ്യം. ദിവസങ്ങൾക്ക് മുമ്പ് രാത്രി ബക്കളത്ത് വെച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് മംഗലാപുരത്ത് ചികിത്സയിലായിരുന്നു. കണ്ണൂരിൽ ചികിത്സയിലുള്ള സഹോദരന്റെ മകനെ കണ്ട് മടങ്ങുമ്പോഴായിരുന്നു അപകടം. അബ്ദുള്ള- ഫാത്തിമ ദമ്പതികളുടെ മകനാണ്. അഷ്റഫ്, ഇബ്രാഹിം, അജ്മൽ എന്നിവർ സഹോദരങ്ങളാണ്. ഞാറ്റുവയൽ റിയൽ ഫ്രണ്ട്സ് ഫുട്ബോൾ ക്ലബിൽ അംഗമായ മുസമ്മിൽ ഞാറ്റുവയൽ കണ്ടിവാതുക്കലിലെയും റഹ്മത്ത് നഗറിലെയും മൈതാനങ്ങളിലെ ടൂർണ്ണമെന്റുകളിൽ റിയൽ ഫ്രണ്ട്സിനായി നിരവധി മൽസരങ്ങളിൽ ബൂട്ടണിഞ്ഞിട്ടുണ്ട്. തളിപ്പറമ്പിന്റെ പരിസരപ്രദേശങ്ങളിലെ ടൂർണ്ണമെന്റുകളിലും വിവിധ ടീമുകളുടെ ജേഴ്സിയണിഞ്ഞിട്ടുണ്ട്.

നാടിനും പ്രിയപ്പെട്ടവനായ മുസമ്മിലിന്റെ വേർപാട് ഞെട്ടലോടെയാണ് നാട്ടുകാർ എതിരേറ്റത്. മുസമ്മലിനെ അവസാനമായി ഒരു നോക്കുകാണാൻ പൊതുദർശനത്തിന് വെച്ചു. ഞാറ്റുവയൽ റഹ്മത്ത് പള്ളിയിലും, ജുമാഅത്ത് പള്ളിയിലും വൻജനാവലി എത്തിയിരുന്നു. അൻസാർ പള്ളിയിൽ വെച്ച് ഖുർആൻ മനഃപാഠമാക്കുകയും ചെയ്തിരുന്നു മുസമ്മിൽ.

ചരമം

അബ്ദുള്ളഹാജി

തളിപ്പറമ്പ: അള്ളാംകുളം വാട്ടർ അതോറിറ്റി ഓഫീസിന് സമീപത്തെ നസീമ മൻസിലിൽ പി. അബ്ദുല്ലഹാജി (പാൽ അബ്ദുല്ല-67) നിര്യാതനായി. ഭാര്യ: മറിയം. മക്കൾ: റഫീന, സമീറ, നസീമ, റഫ്മത്ത്, ഷഷീർ (ഇരുവരും ഖത്തർ). മരുമക്കൾ: നൗഷാദ് (കെ.വി. ഓയിൽസ്), ഫഖ്റുദീൻ (അബുദാബി), അഷ്റഫ് (ഖത്തർ), സലാം (ഒമാൻ), അനീസ ഹൈവേ.

ദേവസ്യ

ആലക്കോട്: ചാണോക്കുണ്ടിലെ നെല്ലംകുഴിയിൽ ദേവസ്യ (ബേബി-64) നിര്യാതനായി. ഭാര്യ: കീഴ്പ്പള്ളി മുള്ളൻകുഴി കുടുംബാംഗം ഗ്രേസി. മക്കൾ: ബോബിന, ബോബീഷ്. മരുമക്കൾ: ബാബു (വെള്ളമുണ്ട), ആശ (ആര്യപ്പറമ്പ്). സഹോദരങ്ങൾ: ജോസ് (പാണത്തൂർ), ചിന്നമ്മ (ശ്രീകണ്ഠപുരം), ഫിലോമിന (ചതുരംപുഴ), സണ്ണി (പൈസക്കരി), മേരി (തിരുവനന്തപുരം), തങ്കച്ചൻ (വെള്ളരിക്കുണ്ട്), സുജ (കുവൈറ്റ്).

കുട്ടപ്പൻ

പെരുമ്പടവ്: പെരുമ്പടവിലെ ആദ്യകാല കുടിയേറ്റ കർഷകൻ ഇടത്തിനാൽ കുട്ടപ്പൻ (90) നിര്യാതനായി. ഭാര്യ: ഏലിക്കുട്ടി. മക്കൾ: മേരിക്കുട്ടി, ആലീസ്, ജോസ്, സണ്ണി, ആഗസ്. മരുമക്കൾ: വർഗീസ് പുളിഞ്ചുവട്ടിൽ, വർഗീസ് വട്ടപ്പറമ്പിൽ, എത്സമ്മ മലയിൽ, മോളിക്കുട്ടി കാരിക്കൽ, വർഗീസ് കുരിശിങ്കൽ.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന്: 2,900
പവന് :23,200
പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

തേർത്തല്ലി ടൗണിൽ റോഡ് പുഴയായി; ജനങ്ങൾ അതീവ ദുരിതത്തിൽ

കനത്ത മഴയിൽ തേർത്തല്ലി ടൗണിലെ റോഡ് വെള്ളക്കെട്ടായി മാറിയ നിലയിൽ

ആലക്കോട്: മലയോര ഹൈവേ നിർമ്മാണ പ്രവർത്തി പാതിവഴിയിൽ നിലച്ച് കിടക്കുന്ന തേർത്തല്ലി ടൗണിൽ റോഡ് പുഴയായി മാറിയത് ജനങ്ങളെ അതീവ ദുരിതത്തിലാഴ്ത്തി. കഴിഞ്ഞ ദിവസമുണ്ടായ കനത്ത മഴയിലാണ് ടൗണിലെ റോഡ് വെള്ളത്തിൽ മുങ്ങിയത്. മെക്കാഡം ടാറിംഗ് പ്രവർത്തികൾ ഏറെക്കാലമായി ഇവിടെ ഇഴഞ്ഞ് നീങ്ങുകയാണ്. ഇതിനിടെയാണ് കനത്ത മഴയെത്തിയത്. ഇതോടെ റോഡ് പൂർണ്ണമായി വെള്ളക്കെട്ടിൽ മുങ്ങി താഴുകയായിരുന്നു. വാഹനഗതാഗതവും കാൽനടയാത്രയും മണിക്കൂറുകളോളം സ്തംഭിച്ചു. വെള്ളക്കെട്ട് നീക്കിയതിന് ശേഷമാണ് ഗതാഗതം ഭാഗികമായി പുനരാരംഭിച്ചത്. എന്നാൽ മഴ ശക്തമായി തുടരുന്നത് സ്ഥിതിഗതികൾ കൂടുതൽ സങ്കീർണ്ണമാക്കുകയാണ്. തേർത്തല്ലിയുടെ വ്യാപാര വാണിജ്യ മേഖലയും സ്തംഭിച്ച അവസ്ഥയിലാണ്. ചെറുപുഴ-ആലക്കോട് മലയോര ഹൈവേയിൽ തേർത്തല്ലി ടൗണിലെ ഒരുകിലോമീറ്ററോളം ഭാഗമാണ് അത്യന്തം ശോചനീയാവസ്ഥയിലായിരിക്കുന്നത്. വൈദ്യുതി തൂണുകൾ മാറ്റുന്നത് ഉൾപ്പെടെയുള്ള തർക്കങ്ങളാണ് പ്രതിസന്ധിക്ക് കാരണം.

കഞ്ചാവും മയക്കുമരുന്ന് ഗുളികകളുമായി യുവാക്കൾ പിടിയിൽ

ഇരിട്ടി: കുട്ടുപുഴ അതിർത്തിയിൽ കഞ്ചാവും മാരക മയക്കുമരുന്ന് ഗുളികകളുമായി രണ്ടുപേരെ എക്സൈസ് സംഘം പിടികൂടി. പുതിയങ്ങാടിയിലെ മുഹമ്മദ് റഷീഖിനെയാണ് മാരക മയക്കുമരുന്നായ പ്രഗാബ്ലിൻ 32 ടാബ്ലറ്റ്, മാക്സ്ഗലിൻ 150 ടാബ്ലറ്റ്, 20 ഗ്രാം കഞ്ചാവ് എന്നിവ സഹിതം പിടികൂടിയത്. മാടായിലെ മുഹമ്മദ് മുവാദിനെ 10 ഗ്രാം കഞ്ചാവ് സഹിതം പിടികൂടി. പ്രിവന്റീവ് ഓഫീസർ ടി.കെ. വിനോദ്, അബ്ദുൾനിസാർ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

സി.പി.ഐ തളിപ്പറമ്പ മണ്ഡലം കാൽനട ജാഥയുടെ രണ്ടാം ദിന സമാപനവും എൻ.ഉറുവാടൻ അനുസ്മരണവും പാച്ചേനിയിൽ അഡ്വ. പി.വസന്തം ഉദ്ഘാടനം ചെയ്യുന്നു

കാറിടിച്ച് പരിക്കേറ്റു

പഴയങ്ങാടി: കാറിടിച്ച് മധ്യവയസ്ക്കന് പരിക്കേറ്റു. ചെറുകുന്ന് പുങ്കാവിലെ പി.പി. മനോഹരനെ (53) തലക്കും കൈക്കുമേറ്റ പരിക്കുകളോടെ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചെറുകുന്ന് പഴയ പഞ്ചായത്ത് ഓഫീസിനടുത്ത് വെച്ച് നടന്നുപോവുന്നതിനിടെയാണ് കാറിടിച്ചത്.

പറശിനിക്കടവിലെ അജ്ഞാത മൃതദേഹം; ആളെ തിരിച്ചറിഞ്ഞില്ല: അന്വേഷണം ഊർജ്ജിതം

തളിപ്പറമ്പ: പറശിനിക്കടവ് ബസ് സ്റ്റാന്റിന് സമീപത്തെ ആളൊഴിഞ്ഞ പറമ്പിലെ പമ്പ് ഹൗസിൽ ഒരു വർഷം പഴക്കമുള്ള മൃതദേഹം കണ്ടെത്തിയ സംഭവത്തിൽ അന്വേഷണം ഊർജ്ജിതമാക്കി. ഇന്നലെ പമ്പ് ഹൗസിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാനെത്തിയ കെ.എസ്.ഇ.ബി ജീവനക്കാരനാണ് എല്ലിൻകൂട് കണ്ടെത്തിയത്. മുറി ഉള്ളിൽ നിന്നും പൂട്ടിയ നിലയിലായിരുന്നു. ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞതാണ് മുറി. 40-45 വയസ് തോന്നിക്കുന്ന പുരുഷന്റേതാണ് എല്ലിൻകൂട്. 2017 സപ്തംബർ മാസം വരെ കണക്കെഴുതിയ ഒരു പുസ്തകം മൃതദേഹത്തിനടുത്ത് നിന്ന് ലഭിച്ചിരുന്നു. രണ്ട് മൊബൈൽ ഫോണും കിട്ടിയിരുന്നു. രണ്ടിലും സിംകാർഡ് ഇല്ല. ഇ.എം.ഇ. ഐ നമ്പർ ഉപയോഗിച്ച് പോലീസ് അന്വേഷണം നടത്തുന്നുണ്ട്. മരണത്തിൽ ദുരൂഹത ഇല്ലെന്നാണ് പ്രാഥമിക നിഗമനം. മുറി ഉള്ളിൽ നിന്ന് പൂട്ടിയതിനാൽ ഒന്നുകിൽ ഉറക്കത്തിൽ ഹൃദയസ്തംഭനമോ അല്ലെങ്കിൽ ആത്മഹത്യയോ ആകാം എന്നാണ് നിഗമനം. ചുറ്റും കാട് പിടിച്ച് കിടക്കുന്നതിനാൽ ഉറക്കത്തിൽ പാമ്പ് കടിയേറ്റിട്ടുണ്ടോ എന്ന സംശയവും ഉണ്ട്. മൃതദേഹം പരിയാരം മെഡിക്കൽ കോളേജ് മോർച്ചറിയിലാണ് സൂക്ഷിച്ചിരിക്കുന്നത്. അജ്ഞാത മൃതദേഹമായതിനാൽ മൂന്ന് ദിവസം കഴിഞ്ഞാണ് സാധാരണ പോസ്റ്റ് മോർട്ടം നടത്താറ്. എന്നാൽ ഇത് എല്ലിൻകൂട് മാത്രമായതിനാൽ ഇന്ന് തന്നെ പോസ്റ്റുമോർട്ടം നടത്താൻ സാധ്യതയുണ്ട്. സി.ഐ കെ.ജെ. വിനോയ്, എസ്.ഐ കെ. ദിനേശൻ എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തുന്നത്. സിമന്റ് പറ്റിപ്പിടിച്ചിരിക്കുന്ന ചെരിപ്പാണ് ഉപയോഗിച്ചത്. അതുകൊണ്ടുതന്നെ കൂലിപ്പണിക്കാരനാണെന്നാണ് സംശയിക്കുന്നത്. നാദാപുരം, പേരാമ്പ്ര ഭാഗത്തെ തുണിക്കടയിലെ സഞ്ചിയിലാണ് വസ്ത്രങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. ഗർഭനിരോധന ഉറകളും സഞ്ചിയിൽ കണ്ടെത്തിയിട്ടുണ്ട്.

വഞ്ചിയത്ത് വാറ്റുകേന്ദ്രം തകർത്തു; 185 ലിറ്റർ വാഷ് പിടികൂടി

ശ്രീകണ്ഠപുരം: എക്സൈസ് റേഞ്ച് പ്രിവന്റീവ് ഓഫീസർ പി.ആർ. സജീവിന്റെ നേതൃത്വത്തിൽ വഞ്ചിയം, ആടാംപാറ, മുക്കണ്ണൻപാറ പ്രദേശങ്ങളിൽ നടത്തിയ പരിശോധനയിൽ 185 ലിറ്റർ വാഷും വാറ്റുപകരണങ്ങളും പിടികൂടി. വഞ്ചിയം തോടിന്റെ കരയിലെ വ്യാജ ചാരായ നിർമ്മാണ കേന്ദ്രം തകർത്താണ് വാഷും ഉപകരണങ്ങളും പിടികൂടിയത്. ഓടി രക്ഷപ്പെട്ട പ്രതികൾക്കായി അന്വേഷണം ഊർജിതമാക്കി. പ്രിവന്റീവ് ഓഫീസർ പി.സി. വാസുദേവൻ, വനിത സിവിൽ എക്സൈസ് ഓഫീസർ പി. രമ്യ, സി.ഇ.ഒമാരായ ഉല്ലാസ് ജോസ്, പി. ഷിബു, പി.വി. പ്രകാശൻ എന്നിവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

സ്വകാര്യ ബസുകൾ ട്രിപ്പ് ഏറ്റെടുക്കുന്നു; ബസ്സ്റ്റാന്റ് കയ്യേറി ടൂറിസ്റ്റ് ബസുകളുടെ പ്രതിഷേധം

പ്രതിഷേധ സൂചകമായി ടൂറിസ്റ്റ് ബസുകൾ കയ്യടക്കിയ കൂത്തുപറമ്പ് ബസ്സ്റ്റാന്റ്

കൂത്തുപറമ്പ: ടൂറിസ്റ്റ് ബസുകളുടെ ട്രിപ്പുകൾ സ്വകാര്യ ബസുകൾ ഏറ്റെടുത്ത് ഓടുന്നതിനെതിരെ ബസ്സ്റ്റാന്റ് കയ്യേറി ടൂറിസ്റ്റ് ബസുകളുടെ പ്രതിഷേധം. കൂത്തുപറമ്പ് മുനിസിപ്പൽ ബസ് സ്റ്റാന്റാണ് പ്രതിഷേധത്തിന് സാക്ഷ്യം വഹിച്ചത്. ഇന്ന് രാവിലെ 7.30ഓടെ 50ഓളം ടൂറിസ്റ്റ് ബസുകളാണ് ബസ്സ്റ്റാന്റിലും പരിസരത്തുമായി നിർത്തിയിട്ടത്. സ്റ്റാന്റിലെ ട്രാക്കുകളിലടക്കം ടൂറിസ്റ്റ് ബസുകൾ നിർത്തിയിട്ടു. ആർ.ടി.ഒയിലും പോലീസിലും രേഖാമൂലം പലതവണ പരാതി നൽകിയിട്ടും നീതി കിട്ടാത്തതിനാലാണ് സമരവുമായി രംഗത്തിറങ്ങിയതെന്ന് ഇവർ പറഞ്ഞു. കഴിഞ്ഞ ദിവസം മട്ടന്നൂർ എയർപോർട്ടിലേക്ക് സ്വകാര്യ ബസുകൾ യാത്രക്കാരെ കുത്തിനിറച്ച് കൊണ്ടുപോയതും പ്രതിഷേധത്തിന് കാരണമായി. ടൂറിസ്റ്റ് ബസുകൾ പ്രതിഷേധിച്ച് കണ്ണൂർ-കൂത്തുപറമ്പ് റൂട്ടിൽ സ്വകാര്യ ബസുകൾ ബസ് സ്റ്റാന്റ് കയ്യേറിയതിൽ മിന്നൽ പണിമുടക്ക് നടത്തി. നാട്ടുകാർ കണ്ണൂരുടിയതിനെ തുടർന്ന് പിന്നീട് പണിമുടക്ക് പിൻവലിക്കുകയായിരുന്നു.

മലയോരത്ത് കുളമ്പ് രോഗം പടർന്ന് പശുക്കൾ കൂട്ടത്തോടെ ചാകുന്നു; നിഷ്ക്രിയരായി അധികൃതർ

ആലക്കോട്: കുളമ്പ് രോഗം പടർന്ന് പിടിച്ച് മലയോരത്ത് പശുക്കൾ കൂട്ടത്തോടെ ചത്തൊടുങ്ങുന്നത് ക്ഷീരകർഷകരെ ഗുരുതര പ്രതിസന്ധിയിലാഴ്ത്തുന്നു. ഉദയഗിരി പഞ്ചായത്തിലെ മണക്കടവ്, ആനക്കുഴി, മാമ്പൊയിൽ, അരിവിളഞ്ഞപൊയിൽ, കാർത്തികപുരം മേഖലകളിലാണ് കറവപ്പശുക്കൾ ഉൾപ്പെടെയുള്ള കന്നുകാലികൾ കൂട്ടത്തോടെ ചത്തുകൊണ്ടിരിക്കുന്നത്. ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ നിരവധി പശുക്കളാണ് ചത്തത്. കുളമ്പ് രോഗത്തിനെതിരെ പ്രതിരോധ കുത്തിവെപ്പ് എടുത്ത പശുക്കൾ വരെ ചത്തതായി കർഷകർ പറയുന്നു. നൂറുകണക്കിന് കന്നുകാലികൾ രോഗം ബാധിച്ച് അവശനിലയിലാണ്. ഇതിനിടയിൽ രോഗം ബാധിച്ച പല കന്നുകാലികളും അറവ്ശാലകളിലേക്ക് എത്തപ്പെടുന്നതായും പരാതിയുണ്ട്. രോഗബാധിതരായ പശുക്കളെ കർഷകർ കിടുന്ന വിലക്ക് വിൽക്കുകയാണ്. ഇത്തരം പശുക്കളുടെ മാംസം വിൽക്കുന്നത് ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന സ്ഥിതിയുള്ളത്. അതേസമയം സ്ഥിതിഗതികൾ ഇത്രയധികം ഗുരുതരമായിട്ടും മൃഗസംരക്ഷണ വകുപ്പ് അധികൃതർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയോ, അർഹരായ പശുക്കളെ കർഷകർക്കും ന്ന വിലക്ക് വിൽക്കുകയോ ചെയ്യുന്നില്ലെന്നും പരാതിയിലാണ് ക്ഷീരകർഷകർ. അനാസ്ഥ അവസാനിപ്പിച്ച് കർഷകരെയും കന്നുകാലികളെയും സഹായിക്കുന്നതിന് അധികൃതർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടു.

ഇരിട്ടി ടൗണിൽ വയോധികൻ മരിച്ചനിലയിൽ

ഇരിട്ടി: ഇരിട്ടി ടൗണിൽ വയോധികനെ മരിച്ചനിലയിൽ കണ്ടെത്തി. കുന്നോത്ത് സ്വദേശി ചാക്കോയെ (65) ആണ് ഇരിട്ടി പാലത്തിന് സമീപം ഇന്ന് രാവിലെ മരിച്ചനിലയിൽ കണ്ടെത്തിയത്. ഹാൻക്സ് ഷോറൂമിന് സമീപത്തെ ആളുകൾ ഇരിക്കുവാൻ ഉപയോഗിക്കുന്ന വൈദ്യുതി തൂണിൽ കിടക്കാൻ ശ്രമിക്കവെ ഇന്നലെ രാത്രി തെന്നിവീണ് തല കല്ലിലിടിച്ചതാവാം മരണകാരണമെന്ന് സംശയിക്കുന്നു. ഇരിട്ടി പോലീസ് ഇൻക്വസ്റ്റ് നടത്തിയ മൃതദേഹം പോസ്റ്റുമോർട്ടത്തിനായി പരിയാരം മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 295 RNI Reg.No.KER MAL/2007/22043